മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

20 .12.2023

ഭക്തർക്ക് കൂടുതൽ സൗകര്യങ്ങൾ : ഉന്നതതല യോഗം ചേർന്നു

ശബരിമലയിൽ  ദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നത് സംബന്ധിച്ച്  അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റ്  സൂരജ് ഷാജിയുടെ അധ്യക്ഷതയിൽ  സന്നിധാനത്ത് ഉന്നതതല ഏകോപന സമിതി യോഗം ചേർന്നു. ഭക്തർ വിരിവെയ്ക്കുന്ന സ്ഥലം കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കാൻ ദേവസ്വം ബോർഡിനും സന്നദ്ധ സംഘടനകൾക്കും യോഗം  നിർദേശം നൽകി. അവശ്യ സാധനങ്ങൾക്ക് അധിക വില ഈടാക്കുന്നത് നിയന്ത്രിക്കാൻ പരിശോധന കർശനമാക്കും . ക്യുവിൽ  നിൽക്കുന്നവർക്ക് വെള്ളവും ലഘു ഭക്ഷണവും എത്തിക്കുന്നതിന് വേണ്ട  ക്രമീകരണങ്ങൾ സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. മണ്ഡലകാല പൂജയോടനുബന്ധിച്ചുള്ള തിരക്ക് നിയന്ത്രിക്കുന്നതിനുള്ള മുന്നൊരുക്കങ്ങളും  വിഷയമായി. ഡ്യൂട്ടി മജിസ്ട്രേറ്റ് എൻ. കെ കൃപ, ദേവസ്വം എ്സിക്യൂട്ടീവ് ഓഫീസർ വി.കൃഷ്ണകുമാർ, ഉന്നത പോലീസ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മീഡിയാ സെന്റർ

ശബരിമല സന്നിധാനം

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

കേരള സർക്കാർ

20 .12.2023

ശബരിമലയെ ശുദ്ധമാക്കാൻ  വിശുദ്ധിസേന

ശബരിമല ശാസ്താവിന്റെ പൂങ്കാവനം ശുചിയാക്കി സൂക്ഷിക്കുന്നതിൽ പ്രധാന  പങ്കു വഹിക്കുന്നവരാണ് ശബരിമല സാനിറ്റേഷൻ സൊസൈറ്റിയുടെ വിശുദ്ധി സേനാംഗങ്ങൾ.1000 വിശുദ്ധി

സേനാംഗങ്ങളെയാണ് ഇത്തവണ വിന്യസിച്ചിരിക്കുന്നത്. സന്നിധാനം 300, പമ്പ 210, നിലയ്ക്കൽ 450, പന്തളം 30, കുളനട 10 എിങ്ങനെയാണ് വിശുദ്ധി സേനാംഗങ്ങളുടെ വിന്യാസം. സേനയുടെ നേതൃത്വത്തിൽ പ്ലാസ്റ്റിക് ഉപയോഗം തടയുക, പമ്പാനദി മാലിന്യ മുക്തമാക്കുക എന്നിവ ലക്ഷ്യമിട്ട് " മിഷൻ ഗ്രീൻ " എന്ന പേരിൽ ബോധവത്കരണവും നടക്കുന്നുണ്ട്. 24 മണിക്കൂറും വിശുദ്ധി സേനാംഗങ്ങൾ പ്രവർത്തനനിരതരാണ്.

ജില്ലാ കളക്ടർ ചെയർമാനും അടൂർ ആർഡിഒ മെമ്പർ സെക്രറിയുമായ ശബരിമല സാനിറ്റേഷൻ സൊസൈറ്റിയാണ് പൂങ്കാവനത്തിന്റെ ശുചീകരണ സേനയ്ക്ക് നേതൃത്വം നൽകുന്നത്.

ഓരോ സെക്ടറിലും വിശുദ്ധി സേനാംഗങ്ങളിൽ ഒരാളെ ലീഡറായി നിയോഗിച്ചിട്ടുണ്ട്. ഇവരുടെ നേതൃത്വത്തിലാണ് പരിസര ശുചീകരണം, മാലിന്യം ശേഖരിച്ച് സംസ്കരിക്കൽ എന്നിവ നടക്കുന്നത്.

കാനന പാതയിലേത് ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ നിന്ന് ശേഖരിക്കുന്ന മാലിന്യങ്ങൾ ട്രാക്ടർ ഉപയോഗിച്ച് മാലിന്യ സംസ്കരണ കേന്ദ്രത്തിൽ എത്തിച്ച് ഇൻസിനറേറ്റർ ഉപയോഗിച്ചാണ് സംസ്കരിക്കുക . ഇതിനു പുറമേ റവന്യൂ, ആരോഗ്യ വകുപ്പുകളിൽനിന്നല്ല സൂപ്പർവൈസർമാരെയും ഓരോ സെക്ടറുകളിലായി നിയോഗിച്ചിട്ടുണ്ട്..

അതത് സ്ഥലങ്ങളിലെ ഡ്യൂട്ടി മജിസ്ട്രേറ്റുമാരും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരുമാണ് സേനയുടെ പ്രവർത്തനനങ്ങൾ ഏകോപിപ്പിക്കുന്നത്.

ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന "പവിത്രം ശബരിമല" ശുചീകരണത്തിലും വിശുദ്ധി സേനാംഗങ്ങൾ ദിവസവും പങ്കാളികളാകുന്നു. എല്ലാ ദിവസവും രാവിലെ 9 മുതൽ 10 വരെ ദേവസ്വം ജീവനക്കാർ, മറ്റ് വകുപ്പുകളിലെ ജീവനക്കാർ, ഭക്തജനങ്ങൾ തുടങ്ങിയ എല്ലാവരും ഒത്തുചേർന്നാണ് "പവിത്രം ശബരിമല" ശുചീകരണ പ്രവർത്തനം നടത്തുന്നത്.

1995ൽ ആണ് ശബരിമല സാനിറ്റേഷൻ സൊസൈറ്റി രൂപീകരിച്ചത്. വിശുദ്ധി സേനാംഗങ്ങൾക്ക് ഭക്ഷണവും താമസ സൗകര്യവും വാഹനവും ദേവസ്വം ബോർഡ് ഒരുക്കിയിട്ടുണ്ട്.

തമിഴ്നാട് അയ്യപ്പസംഘം മുഖേനയാണ് വിശുദ്ധിസേനാംഗങ്ങളെ നിയോഗിക്കുന്നത് . വേതനത്തിന് പുറമേ യൂണിഫോം, ചെരുപ്പ്, പുൽപ്പായ, എണ്ണ, സോപ്പ്, ബെഡ്ഷീറ്റ്, ഭക്ഷണം എന്നിവയും ഇവർക്ക് ലഭ്യമാക്കുന്നു. സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാരിൽ നിന്ന് ഫണ്ടും തിരുവിതാംകൂർ ദേവസ്വം ബോർഡിൽ

നിന്നും ഗ്രാന്റും ലഭിക്കുന്നുണ്ട്. ശബരിമല തീർഥാടനത്തിനു പുറമേ മേടവിഷു മഹോത്സവം, തിരുവുത്സവ കാലയളവുകളിലും വിശുദ്ധി സേന ശുചീകരണ പ്രവർത്തനങ്ങളുമായി ശബരിമലയിലുണ്ട്.

ശബരിമലയിലെ ഇന്നത്തെ (21.12.2023)ചടങ്ങുകൾ

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.